# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1446

03.05.2017-ൽ മറുപടിക്ക്

## ക്ലാസ്സ്-IV തസ്തികകളിൽ നിന്നുള്ള സ്ഥാനക്കയറ്റം

| ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ക്ലാസ്സ്-IV തസ്തികയിൽ നിന്ന് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് എത്ര ശതമാനമാണ് നീക്കിവെച്ചിരിക്കുന്നത്; | (എ)<br>(ബി)<br>&<br>(സി) | പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന താഴ്ന്ന ശമ്പളക്കാരായ ജീവനക്കാർക്കായി എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ്/കോപ്പിയിസ്റ്റ് എന്നീ ക്ലാസ്സ് III തസ്തികകളിലെ 10% ഒഴിവുകൾ തസ്തികമാറ്റ നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്.<br>ഇതിനുപുറമെ, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ |
| (ബി) | ഇതിന്റെയടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ക്ലാസ്സ്-IV ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | | |
| (സി) | ക്ലാസ്സ്-IV ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | 10% ഒഴിവുകളിലേക്ക് കൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റ നിയമനം പൊതുമരാമത്തുവകുപ്പിലെ ക്ലാസ്-IV ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ